# PRE-MODELSSLC- 2023

## FIRST TERM BASED

### ഉത്തര സൂചിക(SET A)

സോഷ്യൽ സയൻസ്

STD: X

Time: 11/2 Hours TotalScore:40

| | Answers | |
|---|---|---|
| 1 | സെൻട്രൽ വിജിലൻസ് കമ്മീഷൻ | 1 |
| 2 | സംയോജിത ശിശു വികസന സേവന പരിപാടി (I C D S) | 1 |
| 3 | • ഉന്നത വിദ്യാഭ്യാസ ലഭ്യത വർധിപ്പിക്കുക<br>• ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക | 2 |
| 4 | • ബ്രിട്ടീഷ് കാർ അധികമായി നികുതി ചുമത്തിയത്<br>• നികുതി പണമായി നൽകേണ്ടി വന്നത്<br>• നികുതി നൽകാത്തതിന് കൃഷി ഭൂമി പിടിച്ചെടുത്തത് | 2 |
| 5. | a) ഭൂമിയുടെ പരിക്രമണം<br>b) അച്ചുതണ്ടിന്റെ ചരിവ്<br>c) അച്ചുതണ്ടിന്റെ സമാന്തരത<br>d) സൂര്യന്റെ അയനം | 2 |
| 6 | മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ നയങ്ങൾക്കും നിയമങ്ങൾക്കുമെതിരെ പ്രതികരിക്കാനായി ജോർജിയ ഒഴികെയുള്ള കോളനികളുടെ പ്രതിനിധികൾ 1774 ൽ ഫിലാഡൽ ഫിയ യിൽ സമ്മേളിച്ചു. | 2 |
| 7 | • വാണിജ്യവാതങ്ങൾ<br>• പശ്ചിമ വാതങ്ങൾ<br>• ധ്രുവീയ വാതങ്ങൾ | 2 |
| 8 | (i) 45 പൂർവ്വരേഖാംശം – 1pm | 2 |
| 9 | • അഖിലേന്ത്യാസർവീസ്<br>• കേന്ദ്രസർവീസ്<br>• സംസ്ഥാനസർവീസ് | 3 |
| 10 | • $0^\circ$ രേഖാംശരേഖ<br>• ഇംഗ്ലണ്ടിലെ ഗ്രീനിച്ചിലൂടെ കടന്നു പോവുന്നു<br>• ലോക സമയം നിർണ്ണയിക്കാൻ ആധാരമാക്കുന്നു<br>• പ്രൈം മെറിഡിയൻ എന്നറിയപ്പെടുന്നു<br>• ഗ്രീനിച്ച് രേഖയെ അടിസ്ഥാനപ്പെടുത്തി ലോകത്തെ 24 സമയ മേഖലകളിലായി തിരിച്ചിരിക്കുന്നു | 3 |

SSPM

| | | |
|---|---|---|
| 11. | • ഒന്നാം ലോകയുദ്ധത്തിൽ നിന്ന് റഷ്യ പിൻമാറി<br>• ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു<br>• പൊതു ഉടമസ്ഥതക്ക് പ്രാധാന്യം കൊടുത്തു<br>• കേന്ദ്രീകൃത ആസൂത്രണം നടപ്പിലായി<br>Any 3 | 3 |
| 12 | • യന്ത്ര നിർമ്മിത ബ്രിട്ടിഷ് തുണിത്തരങ്ങൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തത്<br>• ഇന്ത്യയിൽ റയിൽവെ വ്യാപകമായത്<br>• ബ്രിട്ടണിലേക്ക് കയറ്റുമതി ചെയ്തിരുന്ന ഇന്ത്യൻ തുണിത്തരങ്ങളുടെ മേൽ ഉയർന്ന നികുതി ചുമത്തിയത്<br>• അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി<br>• ബ്രിട്ടിഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും പീഢനവും | 3 |
| 13 | • വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു<br>• സാങ്കേതിക വിദ്യകൾ പെയോ ഗിക്കാനുള്ള അറിവ് ലഭിക്കുന്നു<br>• മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു<br>• ജീവിത നിലവാരം ഉയരുന്നു | 3 |
| 14 | • തൊഴിലാളികളുടെ കുറഞ്ഞ കൂലി.<br>• അസംസ്കൃതവസ്തുക്കളുടെ ലഭ്യത.<br>• കോളനികളിൽ ഉൽപ്പാദിപ്പിച്ച് കോളനികളിൽ തന്നെ വിതരണം ചെയ്യുമ്പോഴുള്ള കുറഞ്ഞ ചെലവ്. | 3 |
| 15 | ശ്രേണിപരമായ സംഘടന<br>• ഏറ്റവും ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തലങ്ങളിലേക്ക് വരുംതോറും കൂടുതൽ ഉദ്യോഗസ്ഥരും ഉൾകൊള്ളുന്ന രീതി<br>സ്ഥിരത<br>• ഉദ്യോഗസ്ഥനായി നിയമിക്കപെടുന്നവർക്ക് നിശ്ചിത പ്രായംവരെ സേവനകാലവധി ഉണ്ടായിരിക്കും.<br>യോഗ്യത അടിസ്ഥാനമാക്കി നിയമനം<br>• വിദ്യാഭ്യാസയോഗ്യതാ അടിസ്ഥാനമാക്കിയാണ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നത്.<br>വൈദഗ്ധ്യം<br>ഏതു രാഷ്ട്രീയകക്ഷി അധികാരത്തിൽ വന്നാലും നയങ്ങൾ നടപ്പാക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. അവർ നിഷ്പക്ഷമായി പ്രവർത്തിക്കണം. | 4 |
| 16 | • ആഗോള മർദമേഖലകൾക്കിടയിൽ രൂപപ്പെടുന്ന കാറ്റുകളെ പൊതുവിൽ ആഗോളവതങ്ങൾ എന്ന് വിളിക്കാം<br>• ഇരു അർദ്ധഗോളങ്ങളിലെയും ഉപോഷ്ണ ഉച്ചമർദമേഖലകളിൽ നിന്ന് മധ്യരേഖാ ന്യൂനമർദരേഖയിലേക്കു നിരന്തരം കാറ്റു വീശി കൊണ്ടിരിക്കുന്നു. ഇവ വാണിജ്യവാദങ്ങൾ എന്നാണറിയപ്പെടുന്നത്.<br>• ഇരു അർദ്ധഗോളങ്ങളിൽ നിന്നും വീശുന്ന വാണിജ്യവാദങ്ങൾ സംഗമിക്കുന്ന മധ്യരേഖാന്യൂനമർദ്ദമേഖല ഇന്റർട്രോപ്പിക്കൽ കൺവർജൻസ് സോൺ (ITCZ) അഥവാ 'അന്തർ ഉഷ്ണമേഖലാ സംക്രമണ മേഖല' എന്നറിയപ്പെടുന്നു. | 4 |

17

4

- ജനസംഖ്യാപഠനം നടത്തുന്നതുകൊണ്ട് ജനങ്ങളുടെ വിവിധ ആവശ്യങ്ങളുടെ അളവ് നിശ്ചയിക്കാനും പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യാനും സർക്കാരിന് സാധിക്കുന്നു.
- രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യതയറിയുക.
- ജനങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ എത്രയെന്നറിയുക.
- ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്തുക.
- സാമ്പത്തിക–സാമൂഹിക വികസന നയങ്ങൾ രൂപീകരിക്കുക.

18

4

| A | B |
|---|---|
| യാസർ അറഫാത്ത് | പലസ്തീൻ ഓർഗനൈസേഷൻ |
| ഗോർബച്ചേവ് | സോവിയറ്റ് യൂണിയൻ |
| അഹമ്മദ് സുകാർണോ | ചേരിചേരാ പ്രസ്ഥാനം |
| അഡോൾഫ് ഹിറ്റ്ലർ | ഗസ്റ്റപ്പോ |

19

6

- സൻയാത് സെന്നിന്റെ മരണശേഷം ചിയാങ് കൈഷക്ക് കുമിങ് ഭരണത്തിന്റെ നേതാവായി.
- മാവോ സെ തുംഗ് കമ്മ്യൂണിസ്റ്റ് നേതാവായി
- ചിയാങ് കൈഷക്ക് ചൈനയിൽ സൈനിക ഏകാധിപത്യഭരണത്തിനു തുടക്കം കുറിച്ചു.
- ഇദ്ദേഹത്തിന് നയങ്ങളെ കമ്മ്യൂണിസ്റ്റുകാർ എതിർത്തതിനെ തുടർന്ന് അവരെ ക്രൂരമായി നേരിട്ടു.
- 1934 ൽ മാവോയുടെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റുകാർ ലോങ് മാർച്ച് നടത്തി.
- മാർച്ചിൽ ധാരാളം കൃഷിഭൂമിയും ഗ്രാമങ്ങളും പ്രഭുക്കന്മാരിൽ നിന്ന് പിടിച്ചെടുത്ത് കർഷകർക്കു നൽകി.
- മാവോയുടെ ചുവപ്പുസേന കുമിൻതാങ് ഭരണകേന്ദ്രം പിടിച്ചെടുത്തു. കൈഷക്ക് തായ്‌വാനിൽ അഭയം തേടി.
- 1949 ഒക്ടോബർ 1 ന് ചൈന മാവോയുടെ നേതൃത്വത്തിൽ ജനകീയ ചൈന റിപ്പബ്ലിക്കായി.

OR

- സൈനികസഖ്യങ്ങൾ – ത്രികക്ഷി സഖ്യം ത്രികക്ഷി സൗഹാർദ്ദം.
- തീവ്രദേശീയത – ജർമ്മനിയിലും ഇറ്റലിയിലും വളർന്നുവന്നു.
- മൊറോക്കൻ പ്രതിസന്ധി –മൊറോക്കോയുടെ പേരിൽ ജർമ്മനിയും ഫ്രാൻസും തമ്മിൽ ഉണ്ടായത്.
- ബാൾക്കൻ പ്രതിസന്ധി – തുർക്കിയെ പങ്കിട്ടെടുക്കുന്നതിന്റെ പേരിൽ ബാൾക്കൺ സഖ്യത്തിലെ രാഷ്ട്രങ്ങൾ തമ്മിലുണ്ടായ അഭിപ്രായ വ്യത്യാസം.
- ആസ്ട്രിയൻ രാജകുമാരന്റെ വധം – ആസ്ട്രിയൻ കിരീടാവകാശി ഫ്രാൻസിസ് ഫെർഡിനാന്റിനെ സെർബിയൻ യുവാവ് ബോസ്നിയയിലെ സാരയാവോയിൽവച്ച് വധിച്ചത്.